## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.698 — 28.02.2018 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീ.കെ.രാജൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വന്യജീവി ആക്രമണം മൂലം കൃഷിനാശം ഉണ്ടാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. വന്യജീവി ആക്രമണം മൂലം കൃഷിനാശം അനുഭവപ്പെടുന്ന കർഷകർക്ക് 1980-ലെ കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്-ൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ ഉത്തരവ് (എം.എസ്)2/2015/വനം തീയതി 08.01.2015-ൽ പ്രതിപാദിച്ചിരിക്കുന്ന നിരക്ക് അനുസരിച്ച് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.<br>വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങുന്നതു മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് ചുവടെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ച് വരുന്നു.<br><br>1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>2. വനത്തിനു പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ച് വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് പ്രവർത്തിക്കൽ.<br>3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂട്ടകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>5.പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ. |

| | |
|---|---|
| | 6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>8. വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.<br>9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br>10. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. |
| (ബി) വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിന് അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിന് അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വന്യജീവി ആക്രമണം രൂക്ഷമായ കാർഷിക മേഖലകളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് വന്യജീവികളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.<br>2. കാട്ടാനക്കൂട്ടങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും യഥാസമയം വിവരങ്ങൾ കൈമാറുന്നതിനും വനമേഖലയിലെ വയർലസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>3. പ്രശ്നക്കാരായ ആനകളെ നിരീക്ഷിക്കുന്നതിന് ആവശ്യമായ റേഡിയോ കോളറുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>4. വന്യമൃഗങ്ങൾ കാർഷിക മേഖലയിലേക്ക് ഇറങ്ങുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് കർഷകർക്ക് നൽകുന്നതിന് SMS Alert System വയനാട്, മൂന്നാർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. ഈ സംവിധാനം മറ്റു സ്ഥലങ്ങളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>5. നാട്ടിലിറങ്ങി പ്രശ്നം ഉണ്ടാക്കുന്ന വന്യജീവികളെ മയക്കുവെടിവച്ച് പിടിച്ച് ഉൾക്കാട്ടിൽ വിടുന്നതിനാവശ്യമായ ട്രാൻക്വലൈസേഷൻ ഗണ്ണുകൾ വാങ്ങിയിട്ടുണ്ട്. ഇതിനാവശ്യമായ പരിശീലനം നൽകി വരുന്നു.<br>6. ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കുരങ്ങുകളെ പിടികൂടി വന്ധ്യംകരണം നടത്തി |

| | |
|---|---|
| | അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക് തിരികെ വിടുന്നുണ്ട്.<br>7. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ ജനവാസ മേഖലകളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷിക്കുന്നുണ്ട്. |
| (സി) വന്യജീവി ആക്രമണത്തിന് ഇരകളാകുന്ന കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) വന്യജീവി ആക്രമണത്തിന് ഇരകളാകുന്ന കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തുക 1980-ലെ കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്-ൽ ഭേദഗതി വരുത്തി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) കാട്ടുപന്നികൾ നാട്ടിലിറങ്ങി കൃഷിനാശം വരുത്തുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) കാട്ടുപന്നികൾ മൂലമുള്ള കൃഷിനാശം ഒഴിവാക്കുന്നതിനായി വനം വകുപ്പ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം നേടിയിട്ടുള്ള കൃഷിക്കാർക്ക് കൃഷിയിടങ്ങളിലിറങ്ങുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി നൽകി 17.06.2011-ൽ ഉത്തരവ് ഇറക്കിയിരുന്നു. ഇതിനായുള്ള നടപടിക്രമങ്ങൾ 23.06.2011-ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ആദ്യഘട്ടത്തിൽ ഒരു വർഷത്തേക്കാണ് അനുമതി നൽകിയിരുന്നത്. ഈ ഉത്തരവ് 23.06.2012 മുതൽ ഒരു വർഷത്തേക്കു കൂടി നീട്ടി 04.08.2012-ൽ ഉത്തരവായി. ഈ ഉത്തരവിലെ നിബന്ധനകളിൽ മാറ്റം വരുത്തി 19.03.2013-ൽ പുതിയ ഉത്തരവിറക്കി. ഈ തീയതി മുതൽ 3 വർഷത്തേക്ക് കാലാവധിയും നൽകി. ഈ കാലാവധി 19.03.2016-ൽ അവസാനിച്ചു.<br>മേൽ ഉത്തരവിലെ നിബന്ധനകളിൽ ഭേദഗതികൾ വരുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ഇ) മനുഷ്യരെ ആക്രമിക്കുന്ന ഏതെങ്കിലും വന്യജീവികളെ കൊല്ലാൻ അനുമതിയുണ്ടോ; വിശദമാക്കാമോ? | (ഇ) സ്വരക്ഷയ്ക്കായി, മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലാൻ വന്യജീവി (സംരക്ഷണ) നിയമം, 1972-ൽ വ്യവസ്ഥയുണ്ട്. എന്നിരിക്കിലും, മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലാൻ പൊതുവായ അനുമതിയൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ